റേഷൻകടവഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ്

44 [3332] ശ്രീ. സ്റ്റീഫൻ ജോർജ് :
" തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി :
" മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടവഴി ഓരോ വിഭാഗത്തിനും ഇപ്പോൾ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പല റേഷൻ കടക്കാരും സർക്കാർ നിശ്ചയിച്ചിരിക്കുന്ന അളവിൽ മണ്ണെണ്ണ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് പ്രതിമാസം 2 ലിറ്ററും, വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് പ്രതിമാസം 5 ലിറ്ററും മണ്ണെണ്ണ റേഷൻകടവഴി വിതരണം ചെയ്തുവരുന്നു. പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റുടമകൾക്ക് പെർമിറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളതിന്റെ 60 ശതമാനവും സ്ഥാപനങ്ങൾക്ക് പെർമിറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളതിന്റെ 50 ശതമാനവും മണ്ണെണ്ണ റേഷൻകടവഴി വിതരണം ചെയ്തുവരുന്നു.

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ അടിക്കടി കുറവു വരുത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവിലും മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ കുറവ് വരുത്തേണ്ടി വരുന്നു. അതിനാലാണ് ഉപഭോക്താക്കൾക്ക് പൂർണ്ണതോതിൽ മണ്ണെണ്ണ വിതരണം ചെയ്യുവാൻ സാധിക്കാത്തത്.

(സി) ആവശ്യാനുസരണം മണ്ണെണ്ണ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് മുമ്പ് നൽകിയിരുന്ന തോതിൽ മണ്ണെണ്ണ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

മൂക്കന്നൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ

45 [3333] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ താലൂക്ക് മൂക്കന്നൂർ പഞ്ചായത്തിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച മാവേലി സ്റ്റോർ എന്നേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പഞ്ചായത്ത് അധികൃതർ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിബന്ധനകൾക്ക് അനുയോജ്യമായ സ്ഥലത്ത് കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലിസ്റ്റോർ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly